**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5651** **24-03-2025 - ൽ മറുപടിയ്ക്ക്**

**വിശപ്പ രഹിത കേരളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കയ്പമംഗലം മണ്ഡലത്തിൽ വിശപ്പ് രഹിത കേരളം പദ്ധതിയ്ക്കായി നാളിതുവരെ അനുവദിച്ച തുകയുടെ വിശദവിവരം ലഭ്യമാക്കുമോ; | (എ) | കയ്പമംഗലം നിയോജകമണ്ഡലത്തിൽ നിലവിൽ 2 സുഭിക്ഷ ഹോട്ടലുകൾ പ്രവർത്തിച്ച് വരുന്നുണ്ട്. വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയ്ക്ക് നാളിതുവരെ എത്ര തുകയാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) | കയ്പമംഗലം നിയോജകമണ്ഡലത്തിൽ നിലവിൽ 2 സുഭിക്ഷ ഹോട്ടലുകൾ പ്രവർത്തിച്ച് വരുന്നുണ്ട്. വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. |
| (സി) | ഈ പദ്ധതിയ്ക്ക് മാറി നൽകുവാനുള്ള തുക അടിയന്തരമായി ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | നാളിതുവരെ ലഭ്യമാക്കിയ സബ്സിഡി അപേക്ഷകൾക്ക് തുക വിതരണം നടത്തിയിട്ടുള്ളതാണ്. പെരിഞ്ഞനം സുഭിക്ഷ ഹോട്ടലിന് 2023 ഒക്ടോബർ വരെയുള്ള സബ്സിഡിയും എടവിലങ്ങ് സുഭിക്ഷ ഹോട്ടലിന് 2024 സെപ്റ്റംബർ വരെയുള്ള സബ്സിഡിയുമാണ് അനുവദിച്ചിട്ടുള്ളത്. ആയതിനു ശേഷം നാളിതു വരെയുള്ള സബ്സിഡിക്കുള്ള അപേക്ഷ ലഭ്യമാക്കിയിട്ടില്ല.<br><br>ഹോട്ടൽ നടത്തിപ്പുകാരിൽ നിന്നും അപേക്ഷകൾ ലഭ്യമാക്കുന്നതിന് വളരെയധികം കാലതാമസം നേരിടുന്നതിനാൽ ജില്ലാ തല ഉദ്യോഗസ്ഥർ, റേഷനിംഗ് ഇൻസ്പെക്ടർ എന്നിവർ മുഖേന നിർദ്ദേശം നൽകിയിരുന്നുവെങ്കിലും സബ്സിഡി ലഭ്യമാക്കുന്നതിനുള്ള അപേക്ഷകൾ താലൂക്ക് സപ്ലൈ ഓഫീസിൽ ലഭ്യമാക്കിയിട്ടില്ല. |
| (ഡി) | അശരണരായ കിടപ്പുരോഗികൾക്കും പാലിയേറ്റീവ് രോഗികൾക്കും ഏറെ പ്രയോജനകരമായ പ്രസ്തുത പദ്ധതി തടസ്സമില്ലാതെ നടത്തിക്കൊണ്ടുപോകുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | അശരണരായ കിടപ്പ രോഗികൾക്കും പാലിയേറ്റീവ് രോഗികൾക്കും ഏറെ പ്രയോജനകരമായ പ്രസ്തുത പദ്ധതി തടസ്സമില്ലാതെ നടത്തിക്കൊണ്ടു പോകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സുഭിക്ഷ ഹോട്ടലുകളുടെ ആവർത്തന ചെലവുകളായ സബ്സിഡി തുക, വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, കെട്ടിടവാടക, മാലിന്യ നിർമ്മാർജ്ജനത്തിനാവശ്യമായ തുക എന്നിവ |

| | | | |
|---|---|---|---|
| | | | സമയബന്ധിതമായി, ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ഹോട്ടൽ | പ്രാരംഭ ചിലവ് | സബ്സിഡി തുക |
|---|---|---|
| പെരിഞ്ഞനം | Rs. 4,99,796/- | Rs. 31,49,490/- |
| എടവിലങ്ങ് | Rs. 3,17,947/- | Rs. 8,59,580/- |
| ആകെ | Rs. 8,17,743/- | Rs.40,09,070/- |

Veena

സെക്ഷൻ ഓഫീസർ